പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 278

# 2014-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽപ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 278

# 2014-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽപ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ

636/2014.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 278

# 2014-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽപ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ

2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽപ്രായം നിജപ്പെടുത്തൽ) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽപ്രായം നിജപ്പെടുത്തൽ) ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽപ്രായം നിജപ്പെടുത്തൽ) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2009 ഏപ്രിൽ 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽപ്രായം നിജപ്പെടുത്തൽ) ആക്റ്റിൽ (2008-ലെ 34), 2-ാം വകുപ്പിൽ, "അയാൾക്ക് 55 വയസ്സ് പൂർത്തിയാകുന്ന മാസത്തിലെ അവസാന ദിവസത്തിന്റെ ഉച്ചയ്ക്കുശേഷം പ്രാബല്യത്തിൽ വരുന്നതാണ്" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റിൻ (1968-ലെ 19) കീഴിൽ കേരള സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് നിശ്ചയിച്ചിട്ടുള്ള നിർബന്ധിത വിരമിക്കൽ തീയതി ആയിരിക്കുന്നതാണ്" എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2009 ഏപ്രിൽ 24-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 154/2009/ധന. സർക്കാർ ഉത്തരവുപ്രകാരം ഒരു സാമ്പത്തിക വർഷക്കാലയളവിൽ 55 വയസ്സ് തികഞ്ഞ എല്ലാ സർക്കാർ ജീവനക്കാരെയും അദ്ധ്യാപകരെയും ആ സാമ്പത്തിക വർഷത്തിന്റെ

അവസാന ദിവസംവരെ സർവ്വീസിൽ തുടരാൻ അനുവദിച്ചിരുന്നു. മേൽപ്പറഞ്ഞ ഉത്തരവിന് നിയമപരമായ സാധുത നൽകുന്നതിനുവേണ്ടി കേരള സർവ്വീസ് ചട്ടങ്ങളുടെ ഭാഗം I-ലെ 60-ാം ചട്ടം സർക്കാർ ഭേദഗതി ചെയ്തിരുന്നു. മേൽ പ്രസ്താവിച്ച ആനുകൂല്യം ഹൈക്കോടതിയിലെ ജീവനക്കാർക്കുംകൂടി നൽകുവാൻ കേരള ഹൈക്കോടതി രജിസ്ട്രാർ ജനറൽ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. അതിനിടയിൽ, പ്രസ്തുത ചട്ടങ്ങളിലെ 60-ാം ചട്ടം 2012 മാർച്ച് 26-ാം തീയതിയിലെ ജി. ഒ. (പി) 183/12/ധന. നമ്പരായി പുറപ്പെടുവിച്ചിട്ടുള്ളതും 2012 മാർച്ച് 26-ാം തീയതിയിലെ 601-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 193/2012 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം സർക്കാർ ഭേദഗതി ചെയ്തു. അതനുസരിച്ച്, എല്ലാ സർക്കാർ ഉദ്യോഗസ്ഥരുടെയും അദ്ധ്യാപകരുടെയും വിരമിക്കൽപ്രായം 56 വയസ്സായി ഉയർത്തുകയുണ്ടായി. കേരള സർവ്വീസ് ചട്ടങ്ങളിലെ മേൽപ്പറഞ്ഞ രണ്ട് ഭേദഗതികൾവഴി സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ, സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അങ്ങനെയുള്ള ആനുകൂല്യം നൽകിയ തീയതിമുതൽ പ്രാബല്യത്തോടെ ഹൈക്കോടതി ജീവനക്കാർക്കുംകൂടി ബാധകമാക്കേണ്ടതാണ്. ആയതിനാൽ, 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽപ്രായം നിജപ്പെടുത്തൽ) ആക്റ്റ് 2009 ഏപ്രിൽ 24-ാം തീയതിയും അന്നുമുതൽക്കും മുൻകാല പ്രാബല്യത്തോടുകൂടി ഭേദഗതി ചെയ്യേണ്ടതാണ്.

2. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

2009 ഏപ്രിൽ 24-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 154/2009/ധന. ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഒരു വർഷത്തിലെ മാർച്ച് 31 വിരമിക്കൽ തീയതിയായി ഏകീകരിച്ച് നൽകിയതിന്റെയും 2012 മാർച്ച് 26-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 183/12/ധന. ഉത്തരവുപ്രകാരം എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും വിരമിക്കൽപ്രായം 56 വയസ്സായി ഉയർത്തിയതിന്റെയും ആനുകൂല്യം കേരള ഹൈക്കോടതിയിലെ ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കുംകൂടി നൽകുന്നതിനായി 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽപ്രായം നിജപ്പെടുത്തൽ) ആക്റ്റ് ഭേദഗതി ചെയ്യാൻ ബില്ലിലെ 2-ാം ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു. ഇതിന് സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നും ചെലവുണ്ടാകുന്നതും അതിന്റെ ആവർത്തക സ്വഭാവവും വർഷംതോറുമുള്ള വ്യതിയാനങ്ങളുംമൂലം ഈ ഇനത്തിൽ വേണ്ടിവരുന്ന യഥാർത്ഥ ചെലവ് ഈ ഘട്ടത്തിൽ കണക്കാക്കുവാൻ സാധിക്കുന്നതല്ലാത്തതുമാകുന്നു.

ഉമ്മൻ ചാണ്ടി.

(ശരിത്തർജ്ജമ)

# 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽപ്രായം നിജപ്പെടുത്തൽ) ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (2008-ലെ 34)

***　　***　　***

2. ഹൈക്കോടതി സർവ്വീസുകളിലെ വിരമിക്കൽപ്രായം നിജപ്പെടുത്തൽ.—തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും ചട്ടത്തിലോ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, കേരള ഹൈക്കോടതിയിലെ ഒരു ഉദ്യോഗസ്ഥന്റെ അല്ലെങ്കിൽ ജീവനക്കാരന്റെ നിർബന്ധിത വിരമിക്കൽപ്രായം അയാൾക്ക് 55 വയസ്സ് പൂർത്തിയാകുന്ന മാസത്തിലെ അവസാന ദിവസത്തിന്റെ ഉച്ചയ്ക്കുശേഷം പ്രാബല്യത്തിൽ വരുന്നതാണ്.

***　　***　　***